**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2631** **07-07-2022 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 1,50,000/- രൂപയും, വായ്പ എടുത്ത ശേഷം മാരകരോഗം പിടിപെടുകയും വായ്പാബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി 75,000/- രൂപയും അനുവദിച്ച് വന്നിരുന്നത് 20.09.2019 – ലെ സ.ഉ. (കൈ) നം. 35/2019/സഹ നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് മരണാനന്തര സഹായം 2 ലക്ഷം രൂപയായും, ചികിത്സാ ധനസഹായം 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിരുന്നു.<br><br>ടി ആനുകൂല്യങ്ങൾ യഥാക്രമം 3,00,000/- രൂപയും, 1,25,000/- രൂപയുമായും വർദ്ധിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കോഴിക്കോട് ജില്ലയിൽ നിന്നും ഏതു തീയതി വരെയുള്ള അപേക്ഷകളാണ് തീർപ്പുകൽപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ കോഴിക്കോട് ജില്ലയിൽ നിന്നും 31.12.2020 വരെ ലഭ്യമായ റിസ്ക്ഫണ്ട് ധനസഹായ അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 31.03.2021 വരെയുള്ള അപേക്ഷകൾ പരിശോധിച്ച് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | കാലതാമസം ഒഴിവാക്കി അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | കാലതാമസം ഒഴിവാക്കി അപേക്ഷകൾ കൂടുതൽ വേഗത്തിൽ തീർപ്പാക്കി അർഹരായ മുഴുവൻ അപേക്ഷകർക്കും റിസ്ക്ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് – കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി – ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.35/2019/സഹ. തീയതി, തിരുവനന്തപുരം, 20/09/2019.**

---

പരാമർശം:-
1. സ.ഉ (കൈ) നം 55/2007/സഹ തീയതി 02/02/2007.
2. സ.ഉ (കൈ) നം 249/2008/സഹ തീയതി 18/11/2008.
3. സ.ഉ(സാധാ) നം 180/2012/സഹ തീയതി 21/03/2012.
4. സ.ഉ (കൈ) നം 42/2012/സഹ തീയതി 30/03/2012.
5. സ.ഉ(കൈ) നം 96/2014/സഹ തീയതി 24/07/2014.
6. സഹകരണ സംഘം രജിസ്ട്രാറുടെ 05/03/2019 ലെ ജി(1)323/2019 നം കത്ത്.
7. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ 08/08/2019 ലെ 21/2019 നം കത്ത്.

## ഉത്തരവ്

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങളിൽ കാലാനുസൃതമായി ഭേദഗതി വരുത്തണമെന്ന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഭരണ സമിതി തീരുമാനമെടുത്ത് സഹകരണ സംഘം രജിസ്ട്രാർ മുഖേന പരാമർശം (6), (7) കത്തുകൾ പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. സർക്കാർ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവാകുന്നു. ഭേദഗതി വരുത്തിയ ചട്ടങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എസ്. രാജേഷ്**
**അഡീഷണൽ സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്, റ്റി.സി 25/357(4), ഗാന്ധാരിയമ്മൻ കോവിലിന് സമീപം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*

പകർപ്പ്:-
1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എസ്.ന്.
3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.

## അനുബന്ധം

## കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ഭേദഗതികൾ

| ക്രമ നമ്പർ | നിലവിലുള്ളത് | ഭേദഗതി ചെയ്യുന്നത് |
|---|---|---|
| 1 | **ആമുഖം**<br>വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നൽക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008. | **ആമുഖം**<br>വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നൽക്കുന്ന ബാദ്ധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു ജീവകാരുണ്യ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008. |
| 2 | **പദ്ധതിയുടെ ചുരുക്കപ്പേര്**<br>ഈ പദ്ധതിയുടെ പേര് കേരള സഹകരണ കടാശ്വാസ പദ്ധതി 2008 എന്നായിരിക്കും. | **പദ്ധതിയുടെ ചുരുക്കപ്പേര്**<br>ഈ പദ്ധതിയുടെ പേര് കേരള സഹകരണ കടാശ്വാസ പദ്ധതി 2008 എന്നായിരിക്കും. |
| 3 | **നിർവ്വചനങ്ങൾ**<br>**(എ) അംഗം**<br>അംഗം എന്നാൽ ഓരോ വായ്പാക്കാരനും പ്രതിനിധീകരിക്കുന്നതും കേരള സഹകരണ കടാശ്വാസ പദ്ധതി 2008 ൽ ചേരുന്നതുമായ അംഗ സംഘങ്ങൾ എന്ന് അർത്ഥമാകുന്നു.<br><br>**(ബി) പദ്ധതി:-** പദ്ധതി എന്നാൽ കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008 എന്നായിരിക്കും.<br><br>**(സി) ഫണ്ട്:** ഫണ്ട് എന്നാൽ റിസ്ക് ഫണ്ട്/കടാശ്വാസ പദ്ധതിയിൽ സ്വരൂപിക്കുന്ന കോർപ്പസ് ഫണ്ട് എന്നർത്ഥമാകുന്നു.<br><br>**(ഡി) ബോർഡ്:** ബോർഡ് എന്നാൽ കേരള സഹകരണ നിയമം 57 ◌ാം വകുപ്പ് പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു. | **നിർവ്വചനങ്ങൾ**<br>**(എ) അംഗം**<br>അംഗം എന്നാൽ ഓരോ വായ്പാക്കാരനും പ്രതിനിധീകരിക്കുന്നതും കേരള സഹകരണ കടാശ്വാസ പദ്ധതി 2008 ൽ ചേരുന്നതുമായ അംഗ സംഘങ്ങൾ എന്ന് അർത്ഥമാകുന്നു.<br><br>**(ബി) പദ്ധതി:-** പദ്ധതി എന്നാൽ കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008 എന്നായിരിക്കും.<br><br>**(സി) ഫണ്ട്:** ഫണ്ട് എന്നാൽ റിസ്ക് ഫണ്ട്/കടാശ്വാസ പദ്ധതിയിൽ സ്വരൂപിക്കുന്ന കോർപ്പസ് ഫണ്ട് എന്നർത്ഥമാകുന്നു.<br><br>**(ഡി) ബോർഡ്:** ബോർഡ് എന്നാൽ കേരള സഹകരണ നിയമം 57 ◌ാം വകുപ്പ് പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു. |

| | | |
|---|---|---|
| | **(ഇ) രജിസ്ട്രാർ:-** രജിസ്ട്രാർ എന്നാൽ കേരള സഹകരണ നിയമം മൂന്നാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സഹകരണ സംഘം രജിസ്ട്രാർ ആയിരിക്കും.<br><br>**(എഫ്) വായ്പകൾ:-** വായ്പകളെന്നാൽ വിവിധ വായ്പാ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക/കാർഷികേതര (സ്വർണ്ണ പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യത്തിനുള്ള വായ്പകൾ എന്നർത്ഥമാകുന്നു.<br><br>**(ജി)** സംഘം എന്നാൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണ ത്തിലുള്ള മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയായിരിക്കും. | **(ഇ) രജിസ്ട്രാർ:-** രജിസ്ട്രാർ എന്നാൽ കേ സഹകരണ നിയമം മൂന്നാം വകുപ്പ് പ്രക നിയമിക്കപ്പെട്ട സഹകരണ സംഘം രജിസ്ട്രാ ആയിരിക്കും.<br><br>**(എഫ്) വായ്പകൾ:-** വായ്പകളെന്നാൽ വിവിധ വായ്പാ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക/കാർഷികേതര (സ്വർണ്ണ പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യത്തിനുള്ള വായ്പകൾ എന്നർത്ഥമാകുന്നു.<br><br>**(ജി)** സംഘം എന്നാൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയായിരിക്കും. |
| 4 | **പദ്ധതിയുടെ ലക്ഷ്യം:-**<br>(എ) വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുക യാണെങ്കിൽ ടിയാളുടെ പേരിൽ അന്നേദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഫണ്ടിൽ നിന്നു നൽകും. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ആയതിന്റെ പലിശയും ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴ പലിശ, മറ്റ് ചെലവുകൾ ഇവ മുഴുവനും സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതി ത്തള്ളണം. | **പദ്ധതിയുടെ ലക്ഷ്യം:-**<br>(എ) വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക വിധേയമായി ടിയാളുടെ പേരിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 2,00,000/- (രണ്ട് ലക്ഷം രൂപ) ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. |
| | **(ബി)**<br>വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയ്ക്ക് തൊട്ടു മുൻപ് തുടർച്ചയായി ആറ് മാസത്തിലധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ | **ബി)**<br>വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടക്കേണ്ട തീയതി മുതൽ ആറ് മാസത്തിലധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് |

| | | |
|---|---|---|
| | വായ്പാക്കാലവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി ആറ് മാസത്തിലധികരിച്ചും, വായ്പാ മുതലിൽ തിതിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. | വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാക്കാലവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി ആറ് മാസത്തിലധികരിച്ചും, വായ്പാ മുതലിൽ തിതിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. (കുടിശ്ശിക എന്നാൽ കേരള സഹകരണ നിയമത്തിനും ചട്ടത്തിനും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറിനും വിധേയമായിരിക്കുന്നതാണ്.) |
| | **സി**<br>നിബന്ധന ഡി യിൽ പ്രതിപാദിക്കുന്ന മാരകരോഗം പിടിപെടുന്ന വായ്പക്കാരുടെ വായ്പകൾക്ക് നിബന്ധന 4(ബി) ബാധകമായിരിക്കുന്നതല്ല. | **സി)**<br>നിബന്ധന ഡി യിൽ പ്രതിപാദിക്കുന്ന മാരകരോഗം പിടിപെടുന്ന വായ്പക്കാരുടെ ചികിത്സാ ധനസഹായത്തിന് വായ്പാ കുടിശ്ശിക ബാധകമായിരിക്കുന്നതല്ല. |
| | **ഡി**<br>വായ്പ എടുത്ത ശേഷം വായ്പക്കാരന് മാരക രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000/- (എഴുപത്തി അയ്യായിരം രൂപ) ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.<br><br>നിബന്ധന (ഡി) യിൽ പ്രതിപാദിക്കുന്ന മാരക രോഗത്തിൽ കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ടി.ബി, ലിവർ സിറോസിസ് എന്നിവരാണ് ഉൾപ്പെടുന്നത്. ഇത്തരം കേസുകളിൽ സർക്കാർ ആശുപത്രികൾ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ച ആശുപത്രികൾ, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന സഹകരണ ആശുപത്രികൾ എന്നിവ ഉൾപ്പെടുത്തി | **ഡി**<br>വായ്പ എടുത്ത ശേഷം വായ്പാ കാലാവധിക്കുള്ളിൽ വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന വായ്പാക്കാരന് എത്ര വായ്പകളുണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000/- (ഒരു ലക്ഷം രൂപ) ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, ആനുപാതിക തുക മാത്രമേ ചികിത്സാ ധനസഹായമായി ലഭിക്കുകയുള്ളു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.<br><br>നിബന്ധന (ഡി) യിൽ പ്രതിപാദിക്കുന്ന മാരക രോഗത്തിൽ കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ടി.ബി, ലിവർ സിറോസിസ്, കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ചുമാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം |

| | | |
|---|---|---|
| | ബോർഡ് തയ്യാറാക്കി അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്ന ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധ ചികിത്സാ രേഖകളും ഹാജരാക്കേണ്ടതാണ്. | മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായ എന്നിവരാണ് ഉൾപ്പെടുന്നത്. ഇത്ത കേസുകളിൽ സർക്കാർ ആശുപത്രികൾ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ച ആശുപത്രികൾ, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന സഹകരണ ആശുപത്രികൾ എന്നിവ ഉൾപ്പെടുത്തി ബോർഡ് തയ്യാറാക്കി അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്ന ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധ ചികിത്സാ രേഖകളും ഹാജരാക്കേണ്ടതാണ്. |
| 5) | **അർഹത**<br>മരണപ്പെട്ടതോ/മാരക രോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം എന്നിവ ലഭിക്കുക. ഈ ഭേദഗതി നിലവിൽ വരുമ്പോൾ മുൻകാലങ്ങളിൽ നൽകിയതും ബാക്കി നൽപ്പുള്ളതുമായ വായ്പകളെയും ഈ ഭേദഗതി പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള പ്രീമിയം 6 മാസത്തിനുള്ളിൽ അടച്ച് മരണത്തീയതിൽ 70 വയസ്സെന്ന ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്.<br><br>വായ്പ എടുത്ത ഒരു മാസത്തിനുള്ളിൽ (അപകടം മൂലമോ, ഹാർട്ട് അറ്റാക്ക് മൂലമോ പെട്ടെന്നുള്ള മരണം ഒഴികെ) മരണപ്പെടുന്ന വായ്പാക്കാരുടെ വായ്പകൾക്ക്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും, ഈ പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതിയ്ക്കകം അടച്ചുതീർന്ന വായ്പകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.<br><br>ഒരു വായ്പക്കാരൻ എത്ര വായ്പകളെടുത്താലും നിയമാനുസൃത പ്രീമിയം അടച്ച് ഓരോ വായ്പയെയും പദ്ധതിയിൽ ചേർക്കാവുന്നതും അപ്രകാരം പദ്ധതിയിൽ ചേർക്കുന്ന ഓരോ വായ്പക്കും വായ്പക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽപ്പുള്ള | **അർഹത**<br>മരണപ്പെട്ടതോ/മാരക രോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം എന്നിവ ലഭിക്കുക. ഈ ഭേദഗതി നിലവിൽ വരുമ്പോൾ മുൻകാലങ്ങളിൽ നൽകിയതും ബാക്കി നൽപ്പുള്ളതുമായ വായ്പകളെയും ഈ ഭേദഗതി പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള വിഹിതം, ഭേദഗതി ഉത്തരവ് തീയതി മുതൽ 6 മാസത്തിനുള്ളിൽ അടച്ച് "വായ്പാമുതലിൽ രണ്ട് ലക്ഷം വരെയുള്ള ധനസഹായം" എന്ന ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്.<br><br>ഒരു വായ്പക്കാരൻ എത്ര വായ്പകളെടുത്താലും നിയമാനുസൃത റിസ്ക് ഫണ്ട് വിഹിതം അടച്ച് ഓരോ വായ്പയെയും പദ്ധതിയിൽ ചേർക്കാവുന്നതും അപ്രകാരം പദ്ധതിയിൽ ചേർക്കുന്ന ഓരോ വായ്പക്കും വായ്പക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽപ്പുള്ള മുതലിനത്തിൽ പരമാവധി 2,00,000/- രൂപക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്.<br><br>എന്നാൽ ഒരു വായ്പക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകളെടുത്താലും പരമാവധി 5,00,000/- (അഞ്ച് ലക്ഷം രൂപ) വരെ മാത്രമെ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ. |

| | | |
|---|---|---|
| | മുതലിനത്തിൽ പരമാവധി 1,50,000/- രൂപയ്ക്കും ആയതിന്റെ പലിശക്കും അർഹതയുണ്ടായിരിക്കുന്നതുമാണ്. | |
| 6) | വായ്പാതുകയുടെ പരിധി പരിഗണിക്കാതെ അർഹമായ എല്ലാ വായ്പകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും എന്നാൽ അത്തരം വായ്പകൾക്കും ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി ഒന്നരലക്ഷം രൂപയും ആയതിന്റെ പലിശയും ആയിരിക്കും. | വായ്പാതുകയുടെ പരിധി പരിഗണിക്കാതെ അർഹമായ എല്ലാ വായ്പകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും എന്നാൽ അത്തരം വായ്പകൾക്കും ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി രണ്ട് ലക്ഷം രൂപയും ആയിരിക്കും. |
| 7) | ഫണ്ട് രൂപീകരണം<br>(1) ഈ ഭേദഗതി നിലവിൽ വരുന്ന തീയതി മുതൽ നൽകുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം വായ്പക്കാരിൽ നിന്നും ഈടാക്കി ബോർഡിലേക്ക് അടവാക്കേണ്ടതാണ്. ഈ പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പക്കാരെ അർഹതയ്ക്ക് വിധേയരായി ബാക്കി നിൽപ്പ് വായ്പാ തുക അടിസ്ഥാനപ്പെടുത്തി റിസ്ക് ഫണ്ട് വിഹിതം ഈടാക്കി ഭേദഗതി തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പദ്ധതിയിൽ ചേർക്കാവുന്നതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും, സർക്കാരിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കാവുന്ന ഗ്രാന്റ്, സംഭാവന തുടങ്ങിയവയും ഉൾപ്പെടുന്നതാണ് ഈ പദ്ധതിക്കായുള്ള ഫണ്ട്.<br><br>അതാത് മാസം വായ്പക്കാരനിൽ നിന്ന് ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം തൊട്ടടുത്ത മാസം 15ാം തീയതിയ്ക്കുള്ളിൽ ജില്ലാ സഹകരണ ബാങ്കിലെ ബോർഡ് അക്കൗണ്ടിലേക്ക് നിർദ്ദിഷ്ട ചെലാനിൽ ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം അടച്ച് ചെലാൻ പകർപ്പും ഫോം (എ) സ്റ്റേറ്റുമെന്റും ലഭ്യമാക്കേണ്ടതാണ്. വായ്പക്കാരനിൽ നിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്ക് അടവാക്കാത്തതുമൂലം അർഹതപ്പെട്ട ആനുകൂല്യം വായ്പക്കാരന് നഷ്ടമാകുന്ന പക്ഷം ആയതിന് ബാങ്ക്/സംഘം ചീഫ് എക്സിക്യൂട്ടീവ് വ്യക്തിപരമായി ബാധ്യതപ്പെടുന്നതാണ്. നിർദ്ദിഷ്ട തീയതിക്ക് ശേഷമാണ് ബാങ്ക്/സംഘം റിസ്ക് ഫണ്ട് വിഹിതം ബോർഡിലേക്ക് അടക്കുന്നതെങ്കിൽ അടക്കുന്ന തീയതി എന്നാണോ അന്ന് വരെ പ്രസ്തുത വിഹിതത്തിന്റെ 15% പിഴ പലിശയോടുകൂടി | ഫണ്ട് രൂപീകരണം<br>(1) ഈ ഭേദഗതി നിലവിൽ വരുന്ന തീയതി മുതൽ നൽകുന്ന ഓരോ വായ്പാതുകയിൽ നിന്നും 0.5 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 250 രൂപയും പരമാവധി 1000 രൂപയും ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം വായ്പക്കാരിൽ നിന്നും ഈടാക്കി ബോർഡിലേക്ക് അടവാക്കേണ്ടതാണ്. ഈ പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പക്കാരെ അർഹതയ്ക്ക് വിധേയരായി ബാക്കി നിൽപ്പ് വായ്പാ തുക അടിസ്ഥാനപ്പെടുത്തി റിസ്ക് ഫണ്ട് വിഹിതം ഈടാക്കി ഭേദഗതി തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പദ്ധതിയിൽ ചേർക്കാവുന്നതാണ്.<br><br>(2) ജി.എസ്.റ്റി പ്രാബല്യത്തിൽ തീയതിയായ 01/07/2017 മുതൽ റിസ്ക് ഫണ്ട് വിഹിതം അടച്ച വായ്പക്കാരിൽ നിന്നും റിസ്ക് ഫണ്ട് വിഹിതത്തിന്റെ നിലവിലുള്ള ജി.എസ്.റ്റി തുക കൂടി ഈടാക്കി ബോർഡിലേക്ക് അടവാക്കേണ്ടതാണ്.<br><br>(3) സഹകരണ സംഘം/ബാങ്കുകളിലെ നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം വാർഷിക വിഹിതം ബാങ്ക്/സംഘം ബോർഡിലേക്ക് ഒടുക്കേണ്ടതാണ്.<br><br>(എ) 20 കോടി രൂപവരെയുള്ള നിക്ഷേപത്തിന് 5,000/- രൂപ<br>ബി) 20 കോടിക്ക് മുകളിൽ 50 കോടി രൂപവരെയുള്ള നിക്ഷേപത്തിന് 7,500/- രൂപ<br>സി) 50 കോടിക്ക് മുകളിൽ 100 കോടി രൂപ വരെയുള്ള നിക്ഷേപത്തിന് 10,000/- രൂപ<br>ഡി) 100 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപത്തിന് 15,000/- രൂപ<br>ഇ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും, ജില്ലാ സഹകരണ ബാങ്കിൽ നിന്നും 25,000/- |

| | | |
|---|---|---|
| | അടവാക്കി ഭരണസമിതി തീരുമാനം ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്. | രൂപയും ഈടാക്കാവുന്നതാണ്.<br><br>(4) ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും സർക്കാരിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാവുന്ന ഗ്രാന്റ്, സംഭാവന തുടങ്ങിയവയും ഉൾപ്പെടുന്നതാണ് ഈ പദ്ധതിക്കായുള്ള ഫണ്ട്.<br><br>അതാത് മാസം വായ്പക്കാരനിൽ നിന്ന് ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം തൊട്ടടുത്ത മാസം 15ാം തീയതിയ്ക്കുള്ളിൽ ജില്ലാ സഹകരണ ബാങ്കിലെ ബോർഡ് റിസ്ക് ഫണ്ട് അക്കൗണ്ടിലേക്ക് നിർദ്ദിഷ്ട ചെലാനിൽ ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം അടച്ച് ചെലാൻ പകർപ്പും ഫോം (എ) സ്റ്റേറ്റുമെന്റും 20ാം തീയതിക്കുള്ളിൽ ബോർഡ് ആഫീസിലേക്ക് നിർബന്ധമായി ലഭ്യമാക്കേണ്ടതാണ്.<br>നിർദ്ദിഷ്ട തീയതിക്ക് ശേഷമാണ് ബാങ്ക്/സംഘം റിസ്ക് ഫണ്ട് വിഹിതം ബോർഡിലേക്ക് അടവാക്കുന്നതെങ്കിൽ അടച്ച തീയതി മുതൽ വായ്പക്കാരൻ മരണപ്പെടുകയോ/മാരക രോഗം ബാധിക്കുകയോ ചെയ്യുന്നവർക്ക് മാത്രമാണ് ബോർഡിൽ നിന്നും ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുക.<br><br>വായ്പക്കാരനിൽ നിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്ക് അടവാക്കാത്തതുമൂലം അർഹതപ്പെട്ട ആനുകൂല്യം വായ്പക്കാരന് നഷ്ടമാകുന്ന പക്ഷം ആയതിന് ബാങ്ക്/സംഘം ചീഫ് എക്സിക്യൂട്ടീവ് വ്യക്തിപരമായി ബാധ്യതപ്പെടുന്നതാണ്. നിർദ്ദിഷ്ട തീയതിക്ക് ശേഷമാണ് ബാങ്ക്/സംഘം റിസ്ക് ഫണ്ട് വിഹിതം ബോർഡിലേക്ക് അടക്കുന്നതെങ്കിൽ അടക്കുന്ന തീയതി എന്നാണോ അന്ന് വരെ പ്രസ്തുത വിഹിതത്തിന്റെ 15% പിഴ പലിശയോടുകൂടി അടവാക്കി ഭരണസമിതി തീരുമാനം ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്. |
| 8) | **റിസ്ക് ഫണ്ട് വിനിയോഗം**<br>(1) സഹകരണ വികസന ക്ഷേമനിധി ബോർഡ് നിലവിൽ ധനസഹായം നൽകി വരുന്ന ഈ പദ്ധതിക്ക് വിനിയോഗിക്കുന്നതിന് പുറമെ സഹകരണ വകുപ്പിന്റെ/ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ സഹകരണ റിസ്ക് ഫണ്ടിൽ നിന്നും ഓരോ സാമ്പത്തിക | **റിസ്ക് ഫണ്ട് വിനിയോഗം**<br>(1) സഹകരണ വികസന ക്ഷേമനിധി ബോർഡ് നിലവിൽ ധനസഹായം നൽകി വരുന്ന ഈ പദ്ധതിക്ക് വിനിയോഗിക്കുന്നതിന് പുറമെ സഹകരണ വകുപ്പിന്റെ/ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ സഹകരണ റിസ്ക് ഫണ്ടിൽ നിന്നും ഓരോ സാമ്പത്തിക |

| | | |
|---|---|---|
| | വർഷാവസാനവും ഒരു നിശ്ചിത തുക കേരള സഹകരണ ക്ഷേമ വികസന പദ്ധതിയിൽ അംഗങ്ങളായ സംഘങ്ങളിൽ പ്രവർത്തനം മാന്ദ്യം സംഭവിച്ച സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനും സമഗ്ര വികസന ത്തിനുമായി നീക്കി വയ്ക്കാവുന്നതാണ്. ഇപ്രകാരം നീക്കിവയ്ക്കുന്നത് റിസ്ക് ഫണ്ടിന്റെ പര്യാപ്തതയുടെ അടിസ്ഥാനത്തിലായിരി ക്കേണ്ടതാണ്.<br>(2) കൂടാതെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഓരോ ധനകാര്യവർഷത്തെയും സിൽബന്തി ചെലവിന്റെയും തൻ ചെലവിന്റെയും 50% തുക ബോർഡ് ഫണ്ടിലേക്ക് വകമാറ്റി നൽകുന്നതിന് കൂടി വിനിയോഗിക്കപ്പെടേണ്ട തുമാണ്. | വർഷാവസാനവും ഒരു നിശ്ചിത തുക കേരള സഹകരണ ക്ഷേമ വികസന പദ്ധതിയിൽ അംഗങ്ങളായ സംഘങ്ങളിൽ പ്രവർത്തന മാന്ദ്യം സംഭവിച്ച സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനും സമഗ്ര വികസന ത്തിനുമായി നീക്കി വയ്ക്കാവുന്നതാണ്. ഇപ്രകാരം നീക്കിവയ്ക്കുന്നത് റിസ്ക് ഫണ്ടിന്റെ പര്യാപ്തതയുടെ അടിസ്ഥാനത്തിലായിരി ക്കേണ്ടതാണ്.<br>(2) കൂടാതെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഓരോ ധനകാര്യവർഷത്തെയും സിൽബന്തി ചെലവിന്റെയും തൻ ചെലവിന്റെയും 50% തുക ബോർഡ് ഫണ്ടിലേക്ക് വകമാറ്റി നൽകുന്നതിന് കൂടി വിനിയോഗിക്കപ്പെടേണ്ടതുമാണ്. |
| 9) | **ഫണ്ട് നിക്ഷേപം**<br>റിസ്ക് ഫണ്ട് വിഹിതം ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ ഏറ്റവും കൂടുതൽ പലിശ ലഭിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണം. ഇപ്രകാരമുള്ള പ്രത്യേക അക്കൗണ്ട് ബോർഡിന്റെ പേരിലായിരിക്കണം. നിക്ഷേപ പലിശ ഫണ്ടിന്റെ മുതലിൽ കൂട്ടണം. | **ഫണ്ട് നിക്ഷേപം**<br>റിസ്ക് ഫണ്ട് വിഹിതം ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ ഏറ്റവും കൂടുതൽ പലിശ ലഭിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണം. ഇപ്രകാരമുള്ള പ്രത്യേക അക്കൗണ്ട് ബോർഡിന്റെ പേരിലായിരിക്കണം. നിക്ഷേപ പലിശ ഫണ്ടിന്റെ മുതലിൽ കൂട്ടണം. |
| 10) | **ഫണ്ട് മാനേജർ**<br>കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയായിരിക്കും ഫണ്ട് മാനേജർ | **ഫണ്ട് മാനേജർ**<br>കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയായിരിക്കും ഫണ്ട് മാനേജർ |
| 11) | **അപേക്ഷിക്കേണ്ടവിധം**<br>(എ) ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട അധികാരിയിൽ നിന്നും വാങ്ങി ഹാജരാക്കണം.<br>(ബി) റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ച കഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ള വയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിലെ 11(എ) ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും ചുവടെ ചേർക്കുന്ന രേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശയ്ക്കായി നൽകി ശുപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് | **അപേക്ഷിക്കേണ്ടവിധം**<br>(എ) ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട അധികാരിയിൽ നിന്നും വാങ്ങി ഹാജരാക്കണം.<br>(ബി) റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ച കഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിലെ 11(എ) ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും ചുവടെ ചേർക്കുന്ന രേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശയ്ക്കായി നൽകി വ്യക്തമായ ശുപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് |

| | | |
|---|---|---|
| | സെക്രട്ടറിയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.<br>സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ ജോയിന്റ് രജിസ്ട്രാർ/കൺകറണ്ട് ഓഡിറ്ററുടെ ശുപാർശയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസറുടെ ശുപാർശയും മതിയാകുന്നതാണ്.<br>1. മരണമടഞ്ഞ/മാരക രോഗം പിടിപെട്ട വായ്പക്കാരന് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്.<br>2. വായ്പക്കാരന്റെ വായ്പാ ഏറടവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3. കോർപ്പസ് ഫണ്ടിലേക്ക് വായ്പക്കാരന്റെ വിഹിതം അടച്ചതിനുള്ള സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്.<br>4. ജില്ലാ സഹകരണ ബാങ്കിൽ കോർപ്പസ് ഫണ്ട് വിഹിതം അംഗസംഘം നിക്ഷേപിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>5. മരണപ്പെട്ട/മാരകരോഗം പിടിപെട്ട വായ്പക്കാരന്റെ വയസ്സു തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ നിയമാനുസൃത രേഖ.<br>6. ആവശ്യപ്പെടുന്ന ബന്ധപ്പെട്ട മറ്റു രേഖകളും. | സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.<br>സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളി നിന്നുള്ള അപേക്ഷകളിൽ ജോയി രജിസ്ട്രാർ/കൺകറണ്ട് ഓഡിറ്ററുടെ ശുപാർശയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസറുടെ ശുപാർശയും ഉള്ളടക്കം ചെയ്യേണ്ടതാണ്.<br>1. മരണമടഞ്ഞ/മാരക രോഗം പിടിപെട്ട വായ്പക്കാരന് പദ്ധതിയുടെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സാക്ഷ്യപത്രം.<br>2. വായ്പക്കാരന്റെ വായ്പാ ഏറടവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3. കോർപ്പസ് ഫണ്ടിലേക്ക് വായ്പക്കാരന്റെ വിഹിതം അടച്ചതിനുള്ള സാക്ഷ്യപ്പെടുത്തിയ ഫോം (എ) സ്റ്റേറ്റ്മെന്റും ചെലാൻ പകർപ്പും.<br>4. ജില്ലാ സഹകരണ ബാങ്കിൽ കോർപ്പസ് ഫണ്ട് വിഹിതം അംഗസംഘം നിക്ഷേപിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>5. മരണപ്പെട്ട/മാരകരോഗം പിടിപെട്ട വായ്പക്കാരന്റെ വയസ്സു തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ നിയമാനുസൃത രേഖ.<br>6. വായ്പയുടെ വായ്പാ അപേക്ഷയും വായ്പ അനുവദിച്ച ഭരണസമിതി തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>7. മരണസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>8. മാരകരോഗം പിടിപ്പെട്ടവർക്കുള്ള അപേക്ഷയിൽ തന്നെ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിരിക്കണം. മറ്റു ചികിത്സാ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.<br>9. മരണപ്പെട്ട/മാരകരോഗം പിടിപെട്ട വായ്പക്കാരന് റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി അപേക്ഷിച്ചുകൊണ്ടുള്ള ബാങ്ക്/സംഘം എടുത്ത ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്.<br>10. മരണപ്പെട്ട വായ്പക്കാരന് റിസ്ക് ഫണ്ട് |

| | | |
|---|---|---|
| | | ആനുകൂല്യം ലഭിക്കുന്നതിലേക്കായി ടിയാന്റെ അനന്തരാവകാശി ബാങ്ക്/സംഘത്തിൽ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ്.<br>11. ജാമ്യകടപത്രം/പണയാധാരം/വെൺകട പത്രം/കരാർപത്രം എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>12. വായ്പയുടെ രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>13. വായ്പയുടെ തവണ വ്യവസ്ഥ നിശ്ചയിച്ച ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്.<br>14. വായ്പക്കാരന് ആറ് മാസത്തിൽ കൂടുതൽ മരണപ്പെട്ട തീയതിയിൽ മുതലിനത്തിൽ കുടിശ്ശികയില്ലായെന്നുള്ള ബാങ്ക്/സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സാക്ഷ്യപത്രം.<br>15. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ധനസഹായമായി 5,00,000/- രൂപയിൽ കൂടുതൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി മരണപ്പെട്ട വായ്പക്കാരന്റെ അവകാശി സമർപ്പിച്ച പ്രഖ്യാപനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>16. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും ചികിത്സാ ധനസഹായമായി 1,00,000/- രൂപയിൽ കൂടുതൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി വായ്പക്കാരൻ സമർപ്പിച്ച പ്രഖ്യാപനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>17. ബോർഡ് ആവശ്യപ്പെടുന്ന വായ്പയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ. |
| 12) | (1) ധനസാഹയം അനുവദിക്കുന്ന അധികാരി - വികസന ക്ഷേമ നിധി ഫണ്ട് മാനേജിംഗ് കമ്മിറ്റിയാണ് ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കേണ്ടത്. വായ്പ അനുവദിച്ചു കഴിഞ്ഞാൽ ധനസഹായ തുക ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. അതോടൊപ്പം തന്നെ ബന്ധപ്പെട്ട അനന്തരാവകാശിയെയും അറിയിക്കേണ്ടതാണ്. അപ്രകാരം ട്രാൻസ്ഫർ ചെയ്തു ലഭിക്കുന്ന തുക ബന്ധപ്പെട്ട വായ്പാ കണക്കിലേക്ക് അടവാക്കി സംഘം/ബാങ്ക് വിനിയോഗ സർട്ടിഫിക്കറ്റ് 15 | (1) ധനസാഹയം അനുവദിക്കുന്ന അധികാരി - വികസന ക്ഷേമ നിധി ഫണ്ട് മാനേജിംഗ് കമ്മിറ്റിയാണ് അസിസ്റ്റന്റ് രജിസ്ട്രാർ/ മാനേജരുടെയും, ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറിയുടെയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അർഹതയുള്ള അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കേണ്ടത്. ധനസഹായം അനുവദിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. അതോടൊപ്പം തന്നെ ബന്ധപ്പെട്ട അനന്തരാവകാശിയെയും അറിയിക്കേണ്ടതാണ്. അപ്രകാരം ട്രാൻസ്ഫർ |

| | | |
|---|---|---|
| | ദിവസത്തിനുള്ളിൽ ബോർഡിലേക്ക് അയച്ചു തരേണ്ടതുമാണ്. മരണതീയതിയിൽ ഒന്നര ലക്ഷം രൂപവരെ മാത്രം ബാക്കി നിൽപ്പുള്ള വായ്പയിൽ ടി തീയതിക്കുശേഷം മുതലിനത്തിൽ തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിൽ ബോർഡിൽ നിന്ന് പ്രസ്തുത വായ്പയ്ക്ക് ധനസഹായം ലഭിക്കുന്ന മുറയ്ക്ക് അധികമായി അടച്ച തുക വായ്പാക്കാരന്റെ അനന്തരാവകാശിക്ക് ബാങ്ക്/സംഘം തിരികെ നൽകേണ്ടതാണ്.<br>(2) പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനുള്ള അപേക്ഷയിന്മേൽ സംഘം/ബാങ്ക് നടപടികൾ കൈക്കൊള്ളുന്നില്ലെങ്കിൽ അപേക്ഷകൻ ഫണ്ട് മാനേജർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതും അതിന്മേൽ അദ്ദേഹം പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. | ചെയ്തു ലഭിക്കുന്ന തുക ബന്ധപ്പെട്ട വ കണക്കിലേക്ക് അടവാക്കി സംഘം/ബ വിനിയോഗ സർട്ടിഫിക്കറ്റ് തൊട്ടടുത്ത മാസ 15-ാം തീയതിക്കുള്ളിൽ ബോർഡിലേക്ക് അയച്ചു തരേണ്ടതാണ്. മരണതീയതിയിൽ രണ്ടു ലക്ഷം രൂപവരെ മാത്രം ബാക്കി നിൽപ്പുള്ള വായ്പയിൽ ടി തീയതിക്കുശേഷം മുതലിനത്തിൽ തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിൽ ബോർഡിൽ നിന്ന് പ്രസ്തുത വായ്പയ്ക്ക് ധനസഹായം ലഭിക്കുന്ന മുറയ്ക്ക് അധികമായി അടച്ച തുക വായ്പാക്കാരന്റെ അനന്തരാവകാശിക്ക് ബാങ്ക്/സംഘം തിരികെ നൽകേണ്ടതാണ്.<br>(2) പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനുള്ള അപേക്ഷയിന്മേൽ സംഘം/ബാങ്ക് നടപടികൾ കൈക്കൊള്ളുന്നില്ലെങ്കിൽ അപേക്ഷകൻ ബോർഡ് സെക്രട്ടറിയ്ക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതും അതിന്മേൽ അദ്ദേഹം പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. |
| 13) | **പലവക**<br>(1) റിസ്ക് ഫണ്ടിൽ വായ്പക്കാരന്റെ വിഹിതം ബാങ്കിലെ കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചതു സംബന്ധിച്ച വിവരം പ്രത്യേക രജിസ്റ്ററിൽ സഹകരണ സംഘം എഴുതി സൂക്ഷിക്കണം. പ്രസ്തുത വിഹിതം അടച്ചതിന്റെ വിവരം ആയത് ജില്ലാ സഹകരണ ബാങ്കിലെ കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ച വിവരം, എന്നിവ ബന്ധപ്പെട്ട വായ്പാ ഏറടവിലും രേഖപ്പെടുത്തണം. റിസ്ക് ഫണ്ട് വിഹിതം, കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ച വിവരം എന്നിവ സംബന്ധിച്ച പ്രതിമാസ സ്റ്റേറ്റ്മെന്റ്, ഫണ്ട് ബോർഡ് സെക്രട്ടറിക്കും ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും അയച്ചു കൊടുക്കണം.<br>(2) വായ്പക്കാരൻ മരണപ്പെട്ടാൽ അന്നേ ദിവസം ടിയാളുടെ പേരിലുള്ള വായ്പാ കണക്കിൽ ബാക്കിനിൽക്കുന്ന മുതലിൽ പരമാവധി ഒന്നര ലക്ഷം രൂപയും ആയതിന്റെ പലിശയും കോർപ്പസ് ഫണ്ടിൽ നിന്നും സംഘത്തിന് നൽകാവുന്നതാണ്. അതോടൊപ്പം പിഴ പലിശ, മറ്റ് ചെലവുകൾ എന്നിവ എഴുതി തള്ളുന്നതിനുള്ള നടപടി സംഘം/ബാങ്ക് സ്വീകരിക്കേണ്ടതാണ്. | **പലവക**<br>(1) റിസ്ക് ഫണ്ടിൽ വായ്പക്കാരന്റെ വിഹിതം ബാങ്കിലെ കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചതു സംബന്ധിച്ച വിവരം പ്രത്യേക രജിസ്റ്ററിൽ സഹകരണ സംഘം എഴുതി സൂക്ഷിക്കണം. പ്രസ്തുത വിഹിതം അടച്ചതിന്റെ വിവരം ആയത് ജില്ലാ സഹകരണ ബാങ്കിലെ കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ച വിവരം, എന്നിവ ബന്ധപ്പെട്ട വായ്പാ ഏറടവിലും രേഖപ്പെടുത്തണം. റിസ്ക് ഫണ്ട് വിഹിതം, കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ച വിവരം എന്നിവ സംബന്ധിച്ച പ്രതിമാസ സ്റ്റേറ്റ്മെന്റ്, ഫണ്ട് ബോർഡ് സെക്രട്ടറിക്കും ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും അയച്ചു കൊടുക്കണം.<br>(2) വായ്പക്കാരൻ മരണപ്പെട്ടാൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ടിയാളുടെ പേരിലുള്ള വായ്പാ കണക്കിൽ ബാക്കിനിൽക്കുന്ന മുതലിൽ പരമാവധി രണ്ടു ലക്ഷം രൂപയും കോർപ്പസ് ഫണ്ടിൽ നിന്നും സംഘത്തിന് നൽകാവുന്നതാണ്. |

| | | |
|---|---|---|
| | (3) സംഘങ്ങളിൽ നിന്നുള്ള വിഹിതം, സർക്കാർ വിഹിതം, മറ്റിനങ്ങളിൽ ലഭിക്കുന്ന ധനസഹായം, ഫണ്ടിൽ നിന്ന് നൽകുന്ന ധനസഹായം ഇവ സംബന്ധിച്ച വിവരം വെൽഫെയർ ഫണ്ട് ബോർഡ് പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കണം. നിക്ഷേപം സംബന്ധിച്ച കണക്കുകൾ ബോർഡ് പ്രതിമാസം അനുരഞ്ജനം ചെയ്യുകയും വേണം. | (3) സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നുള്ള വിഹിതം, സർക്കാർ ഗ്രാന്റ്, മറ്റിനങ്ങളിൽ ലഭിക്കുന്ന ധനസഹായം, ഫണ്ടിൽ നിന്ന് നൽകുന്ന ധനസഹായം ഇവ സംബന്ധിച്ച വിവരം വെൽഫെയർ ഫണ്ട് ബോർഡ് പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കണം. നിക്ഷേപം സംബന്ധിച്ച കണക്കുകൾ ബോർഡ് പ്രതിമാസം അനുരഞ്ജനം ചെയ്യുകയും വേണം. |
| | (4) റിസ്ക് ഫണ്ട് സംബന്ധിച്ച കണക്കുകൾ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് എല്ലാവർഷവും ഓഡിറ്റ് ചെയ്യേണ്ടതാണ്. | (4) റിസ്ക് ഫണ്ട് സംബന്ധിച്ച കണക്കുകൾ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് എല്ലാവർഷവും ഓഡിറ്റ് ചെയ്യേണ്ടതാണ്. |
| | (5) ഓരോ ജില്ലയിൽ നിന്നും ലഭിച്ച തൻമാസ ഫണ്ടിന്റെ തുക, ഓരോ ജില്ലയിലെയും തൻമാസ ബാക്കി നിൽപ്പ് ഫണ്ടിന്റെ തുക, തൻമാസം ഫണ്ടിൽ നിന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക, തൻമാസം ധനസഹായം അനുവദിച്ച വായ്പകളുടെ ലിസ്റ്റ്, ഇവയുടെ പുരോഗതി റിപ്പോർട്ട്/സ്റ്റേറ്റ്മെന്റ് സർക്കാരിന് തൊട്ടടുത്തമാസം 15ാം തീയതിക്കകം സമർപ്പിക്കേണ്ടതാണ്. | (5) ഓരോ ജില്ലയിൽ നിന്നും ലഭിച്ച തൻമാസ ഫണ്ടിന്റെ തുക, ഓരോ ജില്ലയിലെയും തൻമാസ ബാക്കി നിൽപ്പ് ഫണ്ടിന്റെ തുക, തൻമാസം ഫണ്ടിൽ നിന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക, തൻമാസം ധനസഹായം അനുവദിച്ച വായ്പകളുടെ ലിസ്റ്റ്, ഇവയുടെ പുരോഗതി റിപ്പോർട്ട്/സ്റ്റേറ്റ്മെന്റ് സർക്കാരിന് തൊട്ടടുത്ത മാസം 15ാം തീയതിക്കകം സമർപ്പിക്കേണ്ടതാണ്. |
| | (6) റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കും. പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾ ഗവൺമെന്റിന്റെ അനുമതിയില്ലാതെ ഭേദഗതി ചെയ്യാനോ, ഒഴിവാക്കാനോ പാടില്ലാത്തതാകുന്നു. | (6) റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കും. പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾ ഗവൺമെന്റിന്റെ അനുമതിയില്ലാതെ ഭേദഗതി ചെയ്യാനോ, ഒഴിവാക്കാനോ പാടില്ലാത്തതാകുന്നു. |
| | (7) സംഘത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പാക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണ്. | (7) സംഘത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പാക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ/ ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഉത്തരവാദിയായിരിക്കുന്നതാണ്. |
| | (8) നിലവിലില്ല. | (8) റിസ്ക് ഫണ്ട് ധനസഹായം/ മാരകരോഗത്തിനുള്ള ചികിത്സാ ധനസഹായം സംബന്ധിച്ച ബോർഡുമായുള്ള വ്യവഹാരങ്ങൾ സഹകരണ വകുപ്പിന്റെ കീഴിലുള്ള വ്യവഹാര പരിഹാര കോടതികൾ മുഖാന്തിരവും, അപ്പീൽ അതോറിറ്റി ബഹു. കേരള ഹൈക്കോടതിയും ആയിരിക്കും. |